ഈ പദ്ധതിയുടെ സെക്ഷൻ 4 പ്രകാരം കുറ്റകൃത്യത്തിന് ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് :

(a) Cr.PC സെക്ഷൻ 357, A സബ് സെക്ഷൻ (2), (3) അനുസരിച്ച് കോടതി ശിപാർശ ചെയ്തിരിക്കണം.

(b) Cr.PC സെക്ഷൻ 357 അനുസരിച്ചുള്ള നഷ്ടപരിഹാരം ഇരയുടെ പുനരധിവാസത്തിന് അപര്യാപ്തമായി തീരുന്ന സാഹചര്യത്തിലും കുറ്റവാളി കുറ്റവിമുക്തമാക്കപ്പെടുകയും ഇരകൾക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരിക്കുകയും വേണം.

(c) കുറ്റവാളിയെ തിരിച്ചറിയാതിരിക്കുകയോ/കണ്ടെത്താതിരിക്കുകയോ ചെയ്യുകയും, ഇരയെ തിരിച്ചറിയുകയും അവരുടെ പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടായിരിക്കണം.

(d) കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ, ബോർഡുകൾ, കോർപ്പറേഷനുകൾ, പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കൂടാതെ കുടുംബവരുമാനം ക്രീമിലെയർ പരിധി അധികരിച്ചിട്ടുള്ളവരും ഈ പദ്ധതിപ്രകാരം നഷ്ടപരിഹാരം ലഭിക്കുവാൻ അർഹരല്ല.

കൂടാതെ സംസ്ഥാനത്തിനകത്ത് നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. എന്നാൽ സംസ്ഥാനത്തിന് വെളിയിൽ കുറ്റകൃത്യം നടക്കുകയും ഇരയെ സംസ്ഥാനത്തിനകത്ത് കണ്ടെത്തപ്പെടുകയും ചെയ്താൽ സി.ആർ.പി.സി. 357 എ സബ്സെക്ഷൻ (6) പ്രകാരം ഇടക്കാല ആശ്വാസം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

കെ.എ.പി. 3rd ബറ്റാലിയനിലേക്ക് ആലപ്പുഴ ജില്ലയിൽ നിന്നുള്ള നിയമനം

236 (3058) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതലത്തിലുള്ള നിയമനം നിർത്തിയശേഷം 2015 ഏപ്രിൽ 30 വരെ എത്ര ഒഴിവുകൾ കെ.എ.പി. 3rd ബറ്റാലിയനിലേക്ക് ആലപ്പുഴ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ ആലപ്പുഴ ജില്ലയിലുള്ള എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നിർത്തിയശേഷം എത്രപേർ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന ആലപ്പുഴ ജില്ലയിൽ നിയമനം നേടിയിട്ടുണ്ട് ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നടത്തുന്നതുമൂലം ആലപ്പുഴ ജില്ലയിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പരവൂർ ഫയർസ്റ്റേഷന് കെട്ടിടനിർമ്മാണം

237 (3059) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ഫയർസ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിലേക്കായി ആഭ്യന്തര മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നത് എന്നാണെന്നും പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) എന്നത്തേക്ക് ഭൂമി കൈമാറ്റം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത യോഗത്തിലെ മറ്റ് തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) 18-5-2015-ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) 18-5-2015-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly